**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട** | **24.07.2012 ൽ** |
| **ചോദ്യം നംപർ. 793** | **മറുപടി യ്ക്ക്** |

## കശുമാവ് കൃഷി വികസന ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):**<br>" **പി. കെ. ഗുരുദാസൻ :**<br>" **കെ. ദാസൻ :**<br>" **എ. പ്രദീപ്കുമാർ :** | **ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി**<br>**( വ്യവസായവും വിവരസാങ്കേതികവും**<br>**വകുപ്പ് മന്ത്രി)** |
| (എ) മുൻസർക്കാരിന്റെ കാലത്ത് കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) 2008-09 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി.) സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പാക്കുന്നതിനായി 95.60 കോടി രൂപയുടെ ഒരു ബ്രഹത് പദ്ധതി നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിക്കുകയും 52.83 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നോ; എങ്കിൽ ഇതിനായി എന്ത് തുക അനുവദിച്ചു; | (ബി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചു. 5783 ലക്ഷം രൂപയുടെ പദ്ധതിയ്ക്കാണ് അനുമതി ലഭിച്ചത്. ആയതിൽ 2730 ലക്ഷം രൂപ നാളിതുവരെ നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) കശുമാവു കൃഷി വികസനത്തിനായി രൂപീകരിച്ച ഏജൻസിയുടെ പ്രവർത്തനഫലമായി എത്ര സ്ഥലത്ത് കൂടുതലായി കൃഷി ചെയ്യാനായിട്ടുണ്ട്? | (സി) 2009-10 മുതൽ 2011-12 വർഷങ്ങളിലായി 17229 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ